പതിനാലാം കേരള നിയമസഭ

ഒമ്പതാം സമ്മേളനം

25.01.2018 -ലെ മറുപടിയ്ക്ക്

നക്ഷത്ര ചിഹ്നമിടാത്ത

നിയമസഭാ ചോദ്യം നമ്പർ.1073

## തൊഴിലില്ലായ്മ പരിഹരിക്കുന്നതിനായി നൂതന സംരംഭങ്ങൾ

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ.ആർ. രാജേഷ്<br>ശ്രീ. എ.എൻ. ഷംസീർ<br>ശ്രീ.കെ.ബാബു<br>ശ്രീ.യു.ആർ പ്രദീപ് : | ശ്രീ. ടി.പി.രാമകൃഷ്ണൻ<br>(ബഹു: തൊഴിലും എക്സൈസും വകുപ്പ് മന്ത്രി) |
| (എ)സംസ്ഥാനത്ത് തൊഴിലില്ലായ്മ പരിഹരിക്കുന്നതിനായി എന്തെല്ലാം നൂതന സംരംഭങ്ങളാണ് ആരംഭിക്കാനുദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ; | (എ) സംസ്ഥാനത്ത് തൊഴിലില്ലായ്മ പരിഹരിക്കുന്നതിനും ആധുനികലോകത്തെ വിവിധ മേഖലകളിൽ ഉരുത്തിരിയുന്ന തൊഴിലവസരങ്ങളെ പ്രയോജനപ്പെടുത്താൻ ശാസ്ത്രീയമായി തയ്യാറാക്കിയ പ്രത്യേക പരിശീലന പദ്ധതികളിലൂടെ തീവ്രപരിശീലനം നൽകി അതിവിദഗ്ധ തൊഴിൽ പ്രൊഫഷണലുകളെ വാർത്തെടുക്കുവാനായി കേരള സർക്കാരിന്റെ തൊഴിലും നൈപുണ്യവും വകുപ്പ് തൊഴിലധിഷ്ഠിത നൈപുണ്യ പരിശീലന പദ്ധതികൾക്ക് രൂപം നൽകിയിട്ടുണ്ട്. . വിവിധ മേഖലയിൽ തൊഴിൽ നൈപുണ്യവികസന കേന്ദ്രങ്ങൾ ആരംഭിക്കുന്നതിനായി സർക്കാർ ഉടമസ്ഥതയിൽ സെക്ഷൻ 25 കമ്പനിയായ കേരള അക്കാദമി ഫോർ സ്കിൽസ് എക്സലൻസ് (KASE) സ്ഥാപിതമായിട്ടുണ്ട്. ഇതിനായി ടി സ്ഥാപനം താഴെ പറയുന്ന പദ്ധതികൾ നടപ്പിലാക്കി വരുന്നു.<br><br>1. **സെന്റർ ഓഫ് എക്സലൻസസ് (മികവിന്റെ കേന്ദ്രങ്ങൾ)**<br><br>• NICE (Nursing Institute for Career Enhancement)<br>നഴ്സിംഗ് മേഖലയിൽ നൈപുണ്യ വികസനത്തിനായി NICE (Nursing Institute for Career Enhancement) എന്ന സ്ഥാപനം തിരുവനന്തപുരം ജില്ലയിലെ കിൻഫ്രയിൽ 2.07.2015 മുതൽ പ്രവർത്തിച്ചുവരുന്നു.<br><br>• CATS (Centre for Advanced Training in Security)<br>സെക്യൂരിറ്റി(നാഷണൽ) മേഖലയിൽ നൈപുണ്യ വികസനത്തിനായി CATS (Centre for Advanced Training in Security) എന്ന സ്ഥാപനം തിരുവനന്തപുരം ജില്ലയിലെ കിൻഫ്രയിൽ |

29.09.2015 മുതൽ പ്രവർത്തിച്ചുവരുന്നു.

- ESPOiR(Enlighten Skills Program for Oil & Rig)

ഓയിൽ&റിഗ് മേഖലയിൽ മികവിന്റെ കേന്ദ്രമായ Enlighten Skills Program for Oil & Rig (ESPOiR) എറണാകുളം ജില്ലയിലെ അങ്കമാലിയിലുള്ള ഇന്റർനാഷണൽ സ്കിൽസ് പാർക്കിൽ 06.12.2015 മുതൽ പ്രവർത്തിച്ചുവരുന്നു.

- CRETT (Centre for Research in Education and Teacher Training)

ടീച്ചിംഗ് മേഖലയിലെ മികവിന്റെ കേന്ദ്രമായ CRETT (Centre for Research in Education and Teacher Training) കോഴിക്കോട് ജില്ലയിലെ വെള്ളിപറമ്പിലെ സദ്ഭാവന ക്യാമ്പസിൽ 02.02.2016 ന് പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്.

- CEED (Centre of Excellence in Entrepreneurship Development)

തൊഴിൽരഹിതരായ ചെറുപ്പക്കാർക്ക് പുതിയ തൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിലേക്ക് വേണ്ടി Entrepreneurship Development India, Ahmedabad എന്ന സ്ഥാപനവുമായി ചേർന്ന് Centre of Excellence in Entrepreneurship Development (CEED) എന്ന മികവിന്റെ കേന്ദ്രം എറണാകുളം ജില്ലയിലെ അങ്കമാലിയിലുള്ള ഇന്റർനാഷണൽ സ്കിൽസ് പാർക്കിൽ 27.02.2016 ന് പ്രവർത്തനമാരംഭിച്ചു കഴിഞ്ഞു

## 2. ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇൻഫ്രാസ്ട്രക്ച്ചർ ആൻഡ് കൺസ്ട്രക്ഷൻ (IIIC)

കൺസ്ട്രക്ഷൻ മേഖലകളിൽ ഉരുത്തിരിയുന്ന തൊഴിലവസരങ്ങളെ പ്രയോജനപ്പെടുത്താൻ ശാസ്ത്രീയമായി തയ്യാറാക്കിയ പ്രത്യേക പരിശീലന പദ്ധതികളിലൂടെ തീവ്രപരിശീലനം നൽകി അതിവിദഗ്ദ തൊഴിൽ പ്രൊഫഷണലുകളെ വാർത്തെടുക്കുക എന്ന ലക്ഷ്യത്തോടെ കൊല്ലം ജില്ലയിലെ ചവറയിൽ ആരംഭിച്ച Indian Institute of Infrastructure and Construction (IIIC)- ന്റെ ഒന്നാം ഘട്ട നിർമാണ പ്രവർത്തനങ്ങൾ പൂർത്തിയായി. കൺസ്ട്രക്ഷൻ മേഖലയിൽ അന്താരാഷ്ട്ര നിലവാരത്തിലുള്ള ടെക്നീഷ്യൻ, സൂപ്പർവൈസറി, മാനേജീരിയൽ വിഭാഗത്തിലുള്ള കോഴ്സുകളാണ് IIIC യിൽ ലഭ്യമാക്കുന്നത്. ഐ.ടി.ഐ സർട്ടിഫിക്കറ്റ്/ഡിപ്ലോമ, എഞ്ചിനീയറിംഗ് ബിരുദധാരികൾക്ക് രാജ്യത്തിനകത്തും പുറത്തും തൊഴിൽ ലഭ്യത ഉറപ്പു വരുത്തുവാൻ IIIC യിലൂടെ സാധിക്കുന്നതാണ്.

3. **കൗശൽ കേന്ദ്രകൾ**

ഇന്ത്യയിലാദ്യമായി നൈപുണ്യ വികാസത്തിനും വ്യക്തിത്വ വികസനത്തിനും തൊഴിൽ നേടുന്നതിനും വേണ്ടിയുള്ള ലോകോത്തര നിലവാരം പുലർത്തുന്ന സ്ഥാപനമാണ് കൗശൽ കേന്ദ്ര. ഗ്രാമീണമേഖലയിലെ സ്കൂൾ കോളേജ് വിദ്യാർഥികൾ ഉൾപ്പെടുന്ന യുവസമൂഹത്തിന് തൊഴിൽ നൈപുണ്യ പരിശീലനം ഉറപ്പാക്കുന്നതോടൊപ്പം ആഗോള മത്സര രംഗത്ത് അവരെ മുൻനിരയിലെത്തിക്കാൻ പ്രാപ്തരാക്കുക കൂടിയാണ് കൗശൽ കേന്ദ്രയിലൂടെ ലക്ഷ്യമാക്കുന്നത്. കൊല്ലം, കോഴിക്കോട്, പാലക്കാട് ജില്ലകളിൽ കൗശൽ കേന്ദ്രങ്ങൾ പ്രവർത്തനമാരംഭിച്ചിട്ടുണ്ട്.

4. **അക്രഡിറ്റേഷൻ**

ഉന്നത നിലവാരത്തിലുള്ള തൊഴിൽ പരിശീലനം ലഭ്യമാക്കുന്ന സ്ഥാപനങ്ങൾക്ക് KASE ന്റെ അക്രഡിറ്റേഷൻ ലഭ്യമാക്കുക എന്നതാണ് ഇതിന്റെ ഉദ്ദേശ്യം

**5.കേരള സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഡിസൈൻ**

പരമ്പരാഗത രീതിയും ആധുനിക രീതിയും സംയോജിപ്പിച്ച്, ഡിസൈൻ മേഖലയിൽ സർഗ്ഗ ശേഷിയുള്ള സമൂഹത്തെ വാർത്തെടുക്കുക എന്ന ലക്ഷ്യത്തോടെ കേരള സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഡിസൈൻ (KSID) എന്ന സ്ഥാപനം കൊല്ലം ജില്ലയിലെ ചന്ദനത്തോപ്പിൽ പ്രവർത്തിക്കുന്നു. 2015 ഓഗസ്റ്റ് മുതൽ Integrated Life style Product Design, Integrated Textile & Apparel Design, IT Integrated Communication Design എന്നിവയിൽ അഞ്ച് സെമസ്റ്ററുകളിലായി രണ്ടര വർഷം ദൈർഘ്യമുള്ള പോസ്റ്റ് ഗ്രാജ്വേറ്റ് ഡിപ്ലോമ കോഴ്സുകൾ നടന്നു വരുന്നു.

ഡയറക്ടറേറ്റ് ഓഫ് എംപ്ലോയ്മെന്റുമായി സഹകരിച്ച് നടപ്പിലാക്കിവരുന്ന നൈപുണ്യ വികസന പദ്ധതികൾ

**എംപ്ലോയബിലിറ്റി സെന്ററുകളും കരിയർ ഡെവലപ്പ്മെൻറ് സെൻററുകളും**

കേരള അക്കാദമി ഫോർ സ്കിൽസ് എക്സലൻസ് ഡയറക്ടറേറ്റ് ഓഫ് എംപ്ലോയ്മെന്റുമായി സഹകരിച്ച് എംപ്ലോയബിലിറ്റി സെന്ററുകൾ വഴിയും കരിയർ ഡെവലപ്പ്മെൻറ് സെന്ററുകൾ വഴിയും നൈപുണ്യ വികസന പദ്ധതികൾ നടപ്പാക്കി വരുന്നു.

(ബി) സുരക്ഷ, സൈബർ സുരക്ഷാ മേഖലകളിൽ തൊഴിൽ സാധ്യതകൾ ഉറപ്പാക്കുന്നതിന് ഉദ്യോഗാർത്ഥികൾക്ക് മികച്ച പരിശീലനം നൽകാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) & (സി) സംസ്ഥാന നൈപുണ്യ വികസന മിഷനായ കേരള അക്കാദമി ഫോർ സ്കിൽസ് എക്സലൻസിനു കീഴിൽ സെക്യൂരിറ്റി മേഖലയിലെ ഒരു മികവിന്റെ കേന്ദ്രം തിരുവനന്തപുരം ജില്ലയിൽ കിൻഫ്ര ഇന്റർനാഷണൽ അപ്പാരൽ പാർക്കിൽ 29.09.2015 മുതൽ പ്രവർത്തിച്ചു വരുന്നു. ടി സ്ഥാപനത്തിലൂടെ

നൽകുന്ന പരിശീലന പദ്ധതികളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്ര. നം | കോഴ്സുകളുടെ പേര് | ദൈർഘ്യം | അടിസ്ഥാന യോഗ്യത |
|---|---|---|---|
| | Security Sector | | |
| 1) | Unarmed Security Guard | 21 days | SSLC |
| 2) | Diploma in Security management | 6 months | +2 |
| 3) | Certificate in Security Management | 3-6 months | +2 |
| | Cyber Security Sector | | |
| 1) | Diploma in Cyber Security | 6 months | +2 |
| ൨) | PG Diploma in Cyber Security | 8 months | Degree |

(സി) ഇതിനായി കേരള അക്കാദമി ഫോർ സ്കിൽഡ് എക്സലൻസിൽ ഏതെല്ലാം ഹ്രസ്വകാല കോഴ്സുകളാണ് ആരംഭിക്കുന്നതെന്ന് വ്യക്തമാക്കാമോ?

സെക്ഷൻ ഓഫീസർ